# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3927 — 31-01-2014 ലെ മറുപടിയ്ക്ക്

### റിട്ട. ജസ്റ്റിസ് ശ്രീ. സി. പ്രേമചന്ദ്രൻ കമ്മീഷന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ് : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| എ) | 973/13/നി.വ തീയതി 13.12.2013-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിയോഗിച്ച റിട്ട.ജസ്റ്റിസ് ശ്രീ.ഡി.പ്രേമചന്ദ്രൻ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടോ; | എ) | ലോട്ടറി വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ.ഡി.പ്രേമചന്ദ്രൻ, ജില്ലാ സെക്ഷൻസ് ജഡ്ജ് (റിട്ട)- നെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ബി) | കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് തീരുമാനിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ പ്രസ്തുത മേഖലയിലെ വിവിധ സംഘടനകളുമായി കൂടി ആലോചിച്ച് ഇക്കാര്യത്തിൽ ടേംസ് ഓഫ് റഫറൻസ് രൂപീകരിക്കുവാൻ തയ്യാറാകുമോ ; | ബി) | കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് തീരുമാനിക്കപ്പെട്ടിട്ടുണ്ട്.<br>പരിഗണന വിഷയങ്ങൾ :<br>1. ടിക്കറ്റ് വിതരണത്തിലെ വിവേചനം, ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭിക്കുന്നില്ല എന്ന ആക്ഷേപം.<br>2. ഏജന്റുമാർ തമ്മിൽ ടിക്കറ്റ് പരസ്പരം കൈമാറി കമ്മീഷൻ തിരിമറി നടത്തുന്ന പ്രവണത.<br>3. ഒരേ നമ്പരിലുള്ള രണ്ട് ടിക്കറ്റുകൾ വിതരണംചെയ്ത സംഭവം, ടിക്കറ്റു അച്ചടിയിലെയും വിതരണത്തിലെയും അപാകതകൾ.<br>4. ടിക്കറ്റ് വില്പനമൂലം ലഭിക്കുന്ന തുക യഥാസമയം ട്രഷറിയിലടയ്ക്കാതിരിക്കുന്ന ഗൗരവതരമായ വീഴ്ച.<br>5. അന്യ സംസ്ഥാന ലോട്ടറിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിൽ വേണ്ടത്ര ശുഷ്ക്കാന്തിയില്ലായ്മ. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത കമ്മീഷന്റെ പരിധിയിൽ വകുപ്പിലെ ജോലി ഭാരവും വിപുലീകരണ നടപടികളും ഉൾപ്പെടുത്തുമോ ; | സി) | പരിഗണനയിലില്ല. |
| ഡി) | പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് എത്ര നാളുകൾക്കുള്ളിൽ പൂർത്തീകരിച്ച് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ഡി) | രണ്ട് മാസത്തെ കാലാവധിയാണ് കമ്മീഷന് അനുവദി ച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**